**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1326</u>** **<u>12-02-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ഇലവീഴാപൂഞ്ചിറ, ഇല്ലിക്കക്കല്ല് വിനോദസഞ്ചാര കേന്ദ്രങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പാലാ മണ്ഡലത്തിലെ മേലുകാവ് പഞ്ചായത്തിലെ ഇലവീഴാപൂഞ്ചിറയിലും മൂന്നിലവ് പഞ്ചായത്തിലെ ഇല്ലിക്കക്കല്ലിലും ഭരണങ്ങാനം പഞ്ചായത്തിലെ വിശുദ്ധ അൽഫോൺസാമ്മയുടെ തീർത്ഥാടന കേന്ദ്രത്തിലും ദിവസേന ആയിരിക്കണക്കിന് ആളുകൾ എത്തിച്ചേരുന്നതിനാൽ പ്രസ്തുത സ്ഥലങ്ങൾ ടൂറിസം മാപ്പ് ഓഫ് ഇന്ത്യയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ; | (എ) | കോട്ടയം ജില്ലയിലെ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽക്കല്ല്, ഭരണങ്ങാനം പഞ്ചായത്തിലെ വിശുദ്ധ അൽഫോൺസാമ്മയുടെ തീർത്ഥാടന കേന്ദ്രം എന്നീ സ്ഥലങ്ങൾ ടൂറിസം വകുപ്പിന്റെ കേരള കമ്പാനിയൻ എന്ന ബ്രോഷറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽകല്ല് എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങൾ കേരള ടൂറിസത്തിന്റെ ടൂറിസം മാപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലങ്ങളിൽ ജനത്തിരക്ക് കൂടിവരുന്നതിനാൽ വിനോദസഞ്ചാരികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | • 2023-24 ലെ ബഡ്ജറ്റിൽ വകയിരുത്തിയ "ഇല്ലിക്കൽക്കല്ലിൽ ഡോർമെട്രിയോട് കൂടിയ യാത്രിനിവാസ് സമുച്ചയം" എന്ന പദ്ധതിയുടെ പ്രോപ്പോസ്സൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതിയ്ക്കാവശ്യമായ റവന്യൂ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നതിനായി ലാൻഡ് റീക്വസിഷൻ അപേക്ഷ ജില്ല കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.<br>• 2023-24 ലെ ബഡ്ജറ്റിൽ വകയിരുത്തിയ "ഇലവീഴപൂഞ്ചിറയിൽ സിനി സ്റ്റുഡിയോയും ഹോട്ടൽ സമുച്ചയവും" എന്ന പദ്ധതിയ്ക്കായി കണ്ടെത്തിയ റവന്യൂ ഭൂമി ലഭിക്കുന്നതിനായി ലാൻഡ് റീക്വസിഷൻ അപേക്ഷ ഒപ്പ് വെച്ച് ജില്ല കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.<br>• ഭരണങ്ങാനം വി. അൽഫോൺസാമ്മയുടെ തീർത്ഥാടന കേന്ദ്രവുമായി ബന്ധപ്പെട്ട് പ്രോപ്പോസലുകൾ ലഭ്യമായിട്ടില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറക്ക് ആയതിന്റെ ടൂറിസം സാധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ